കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

# വെട്ടം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.17/420/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 10-03-2020

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെട്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെട്ടം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്.
എബികെ

നം.കെ.എസ്.എ.എം.പി.എം.17/420/2020

തിയ്യതി: 10-03-2020

## മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ വെട്ടം21693 ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28.03.2019 മുതൽ 18.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.02.2020 മുതൽ 29.02.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഇദ്രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. മെഹറുന്നീസ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.അബ്ദുൾ സലീം. ടി | 01.04.2018 മുതൽ 14.03.2019 വരെ |
| | ശ്രീ.ബീരാൻകുട്ടി(അധിക ചുമതല) | 15.03.2019 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.ബീരാൻകുട്ടി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സൗമ്യ മുരളീധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. അജയ് മുകുന്ദ് | 01.04.2018 മുതൽ |

| | | |
|---|---|---|
| (പി.എച്ച്.സി) | | 31.03.2019 വരെ |
| 3.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഓമന | 01.04.2018 മുതൽ 24.06.2018 വരെ |
| | ശ്രീമതി. വാണി .എൻ | 25.06.2018മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ലൈജുമോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.ഷാഹുൽ ഹമീദ്.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ദാക്ഷായണി | 01.04.2018മുതൽ 08.07.2018 വരെ |
| | ശ്രീമതി.വിജയ ലക്ഷ്മി | 09.07.2018മുതൽ 31.03.2019 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ.സുരേഷ് ബാബു | 01.04.2018മുതൽ 31.03.2019 വരെ |
| 7.ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. അബ്ദുൽ മഹറൂഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| 8.ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. അഗിത | 01.04.2018 മുതൽ 31.03.2019 വരെ |
| 9.കൃഷി ഓഫീസർ | ശ്രീമതി.ദിവ്യ കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 10. മെഡിയ്ക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രാജേഷ് എം | 01.04.2018 മുതൽ 16.07.2018 വരെ |
| | ഡോ.രഘുനാഥൻ | 17.07.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 2 | 1-3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) |
| 3 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 4 | 1-5 | പദ്ധതി അവലോകനം. |
| 5 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 6 | 1-7 | ക്ഷേമപദ്ധതികൾ |
| 7 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 8 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് |

| | | |
|---|---|---|
| | | സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച് |
| 13 | 1-13 | വരുമാനത്തിന് അനസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 14 | 1-14 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. |
| 15 | 1-15 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് -അപാകതകൾ |
| 16 | 1-16 | "വനിതാ അടുക്കളത്തോട്ടം:വിത്ത് വിതരണം പദ്ധതി അപാകതകൾ |
| 17 | 1-17 | സമ്പൂർണ്ണ മാലിന്യ മുക്ത വെട്ടം - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനത തകൾ സംബന്ധിച്ച്. |
| 18 | 1-18 | മീറ്റിംഗ് ഹാൾ നവീകരണം - ഭരണാനുമതി വാങ്ങാത്തതും മറ്റ് ന്യൂനതതകളും സംബന്ധിച്ച്. |
| 19 | 1-19 | തെരുവ് വിളക്ക് റിപ്പയർ - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതതകൾ സംബന്ധിച്ച്. |
| 20 | 1-20 | വനിതാ വയോജന സ്നേഹാലയത്തിന് ഉപകരണങ്ങൾ - വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചിട്ടില്ല |
| 21 | 1-21 | പ്രൊജക്ട് നിർവ്വഹണത്തിന്/ആരോഗ്യ ജാഗ്രത പ്രവർത്തനത്തിന് തുകകൾ നൽകിയത്- രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 22 | 1-22 | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകിയത് - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതതകൾ. |
| 23 | 1-23 | ജലസേചനത്തിനു കിണറും പമ്പ് സെറ്റും-അപാകതകൾ |
| 24 | 1-24 | പഞ്ചായത്ത് ഓഫീസ് കെട്ടിടം -2,3 നിലകളുടെ പൂർത്തീകരണം - ബാത്ത്റൂമിൽ വാൾ ടൈൽ വിരിച്ചതിൽ അപാകത – 8641 രൂപ തിരിച്ചടച്ചു. |
| 25 | 1-25 | രണ്ടത്താണി നാരായണൻപടി ഡ്രൈനേജ് നിർമ്മാണം - സെന്ററിംഗ് ഷട്ടറിംഗന് അധിക നിരക്ക് അനുവദിച്ചു- നഷ്ടം 13869 രൂപ |
| 26 | 1-26 | വനിത വയോജന സ്നേഹാലയം - വനിത ലോൺട്രി യൂണിറ്റ് പൂർത്തീകരണം - അപാകത - 8598 രൂപ തിരിച്ചടച്ചു. |
| 27 | 1-27 | മരാമത്ത് പ്രവൃത്തി - സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി - 5812 രൂപ തിരിച്ചടച്ചു. |
| 28 | 1-28 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – 10690 രൂപ തിരിച്ചടച്ചു. |
| 29 | 1-29 | മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം - പർലിന് അധിക നിരക്ക് നൽകി - 2074 രൂപ തിരിച്ചടച്ചു. |
| 30 | 1-30 | പരിരക്ഷ പദ്ധതി-ഗൃഹ സന്ദർശനം നടത്താത്ത ദിവസങ്ങളിൽ ചെലവ് അനുവദിച്ചു-14850 രൂപ അധികം നൽകി |
| 31 | 1-31 | അങ്കൺവാടികൾക്ക് വാട്ടർ ഫിൽട്ടർ വാങ്ങിയതിൽ അപാകത – വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചില്ല. |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 32 | | ഇല്ല |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 33 | 3-1 | പരിരക്ഷ പദ്ധതി-ഗൃഹ സന്ദർശനം നടത്താത്ത ദിവസങ്ങളിൽ ചെലവ് അനുവദിച്ചു - 14850 രൂപ അംഗീകരിക്കുന്നില്ല |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 35 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 38 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 39 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 40 | 4-7 | ഓഡിറ്റ് റിക്കവറി |
| 41 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| | | |

| | | |
|---|---|---|
| 42 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 43 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 45 | Annexure 1 | Audit Certificate |
| 46 | Annexure 2 | Audit Abstract |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| ബജറ്റ് പാസാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/തിയതി |
|---|---|
| 1/1 തീയതി. 20.03.2018 | 3/1 തീയതി.06.02.2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 28.05.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 52189389.42 |
| വരവ് | 96700297 |
| ആകെ | 148889686.42 |
| ചെലവ് | 92250682 |
| നീക്കിയിരിപ്പ് | 56639004.42 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 35314030 | 35314030 | 34922487 | 391453 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3479000 | 3479000 | 3479000 | 1450656 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 42334 | 42334 | 0 | 42334 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3856000 | 3856000 | 3833251 | 22749 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5353000 | 5353000 | 4438459 | 914541 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 15167000 | 15167000 | 15167000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 232310 | 233750 | 466060 | 173043 | 293017 |
| ജില്ലാപഞ്ചായത്ത് | 11474 | 1556330 | 1567804 | 1553630 | 14174 |
| ബി-ഫണ്ട് | 0 | 46521840 | 46521840 | 46521840 | 0 |

കുറിപ്പ്

2018-19ലെ ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ അകൗണ്ടിൽ നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മുൻബാക്കിയായി 129716 രൂപയും നീക്കിബാക്കിയായി 190423 രൂപയുമാണ്. അതു പോലെ ജില്ലാപഞ്ചായത്തിന്റെ മുൻബാക്കിയായി ഒന്നംതന്നെ ഇല്ല .

ജില്ലാ പഞ്ചായത്തിന്റെ നീക്കിബാക്കിയായി 2700 രൂപയുമാണുള്ളത് . സാംഖ്യയിലെ ബാലൻസും ജോയിന്റ് വെഞ്ച്വർ അകൗണ്ട് ബാലൻസും തമ്മിൽ 114068 രൂപയുടെ വ്യത്യാസം ഉണ്ട്. ഇത് 2017-18 സാമ്പത്തിക വർഷത്തിൽ ജോയിന്റ് വെഞ്ച്വർ പ്രൊജക്റ്റുകളുടെ കണക്കുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതിൽ വന്ന അപാകതയാണ്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 118252336 | 150 | 76986543 | 0 | 51 | 74.62 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3629 | 542089 | 545718 | 524025 | 21693 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27878250 | 27878250 | 27878250 | 0 |
| ആകെ | 3629 | 28420339 | 28423968 | 28402275 | 21693 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 56040 | 30 |
| കർഷകതൊഴിലാളി വേതനം | 3620800 | 281 |
| വിധവാപെൻഷൻ | 17331800 | 1393 |
| വാർദ്ധക്യകാലപെൻഷൻ | 18734200 | 1435 |
| വികലാംഗപെൻഷൻ | 5732500 | 452 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 420000 | 14 |
| 50 വയസ്സിനു മുകളിൽ.....സഹായം | 595100 | 46 |
| ഉല്പ്പാദന ബോണസ് | 31400 | 26 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4925 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1. അസിസ്റ്റന്റ് സെക്രട്ടറി വിതരണം ചെയ്ത കട്ടിൽ മുതലായ ഇനങ്ങൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. സെക്രട്ടറി എഗ്രിമെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.02.2020 | 01/2020 | 17.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2015 മുതൽ 16.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 01.06.2015 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. ദീർഘകാലമായി ഇടപാടുകൾ നടക്കാത്ത താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല

| ക്ര.ന | ബാങ്ക് അക്കൗണ്ട് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് (31.03.2019) വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|
| 1 | വെട്ടം സർവീസ് കോപ്പറേറ്റീവ് ബാങ്ക് (VSCB) - ലിറ്ററസി | 1001001484 | 245 |
| 2 | സ്റ്റേറ്റ് ബാങ്ക് - എസ്.എസ്.എ | 67035812289 | 123185 |
| 3 | സ്റ്റേറ്റ് ബാങ്ക് - ഒ.എ.പി | 10611583971 | 193422.79 |
| 4 | സ്റ്റേറ്റ് ബാങ്ക് - മറ്റേനിറ്റി | 10611583982 | 13371.23 |

2. ഒരേ സമയം രണ്ട് തനതു ഫണ്ട് ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കാൻ പാടില്ല ; ദിവസ കളക്ഷന് ഉപയോഗിക്കുന്ന വെട്ടം സർവീസ് കോപ്പറേറ്റീവ് ബാങ്ക് (VSCB) ന് പുറമേ കേരള ഗ്രാമീൺ ബാങ്ക് - വെട്ടം ശാഖയിൽ ഉപയോഗിക്കുന്ന A/c No. 40650111000168 നമ്പർ അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

3. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിനു മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം ആർജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിട്ടില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. വസ്തു നികുതിയുടെ ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ഡിമാന്റ് | | വ്യത്യാസം | കളക്ഷൻ (തന്നാണ്ട്) | | വ്യത്യാസം | ബാലൻസ് | | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|
| | വാർഷിക കണക്കു പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം (സഞ്ചയ) | | വാർഷിക കണക്കു പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം (സഞ്ചയ) | | വാർഷിക കണക്കു പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം (സഞ്ചയ) | |
| വസ്തു നികുതി (തന്നാണ്ട്) | 2946086 | 2946086 | 0 | 2859521 | 2884084 | 24563 | 0 | 0 | 0 |
| (അരിയർ) | 0 | 22018 | 22018 | 22018 | 24094 | 2076 | 0 | 247 | 247 |

5. NREGS – ഭരണച്ചെലവുകളും(524025) ഇ.എഫ്.എം.എസ് തുകയും(29070236) ചേർന്ന തുകയല്ല (29594261) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-6, I-14 a എന്നീ ഷെഡ്യൂളുകളിൽ (28420275) ബുക്ക് ചെയ്തിട്ടുള്ളത്. ഭരണ ചെലവിൽ 251300801 എന്ന ഹെഡിൽ ബുക്ക് ചെയ്ത ചെലവ് തുക (₹40575) യഥാർത്ഥ ഭരണച്ചെലവുമായി (524025)പൊരുത്തപ്പെടുന്നില്ല.

6. 27116 രൂപ ഓഡിറ്റ് റിക്കവറിയായി പിരിച്ചെടുത്തത് ആയത് വാർഷിക ധനകാര്യ പത്രികയിലെ റിക്കവറി ഹെഡിൽ ടി തുക ബുക്ക് ചെയ്തിട്ടില്ല.

7. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വിവിധ ഡെപ്പോസിറ്റുകളായി 82,129 രൂപയുടെ ഡെപ്പോസിറ്റ് (Contractors' Earnest Money Deposit -13600, Supplys' Earnest Money Deposit-13600, Bidders' Earnest Money Deposit -14750, Auction Deposit – 18000, Other Deposit -1079, Rent Deposit - 21100 ) തുകകൾ കാലഹരണപ്പെട്ടതായി കാണുന്നു. എന്നാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

8. വസ്തു നികുതി ക്രമീകരിക്കുന്നതിന് ജേണൽ എൻട്രി നൽകിയ 20,122 രൂപ ഷെഡ്യൂൾ ബി-18 ൽ തെറ്റായി ബുക്ക് ചെയ്തിട്ടുണ്ട്.

9. ജീവനക്കാരുടെ തൊഴിൽ നികുതി - ഡിമാന്റ് രജിസ്റ്റർ പ്രകാരം 15000 രൂപ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 ൽ കുടിശ്ശിക ഇല്ല.

ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകൾ

2018-19ലെ ടി.എസ്.ബി ജോയിന്റ് വെഞ്ചർ അകൗണ്ടിൽ നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മുൻബാക്കിയായി 129716 രൂപയും നീക്കിബാക്കിയായി 190423 രൂപയുമാണ്. അതു പോലെ ജില്ലാപഞ്ചായത്തിന്റെ മുൻബാക്കിയായി ഒന്നുംതന്നെ ഇല്ല , നീക്കിബാക്കിയായി 2700 രൂപയുമാണുള്ളത് . സാംഖ്യയിലെ ബാലൻസും ജോയിന്റ് വെഞ്ചർ അകൗണ്ട് ബാലൻസും തമ്മിൽ 114068 രൂപയുടെ വ്യത്യാസം ഉണ്ട്.

# 1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച്

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന ഫീസ്, സ്ഥാപനത്തിന്റെ ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിന്നും ഭേദഗതി ചെയ്ത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ട്. മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തരം തിരിക്കാവുന്നതാണ്. എന്നാൽ രജിസ്റ്ററിലോ അനുബന്ധ രേഖകളിലോ സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിട്ടില്ല.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ല. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 10.08.2018 ലെ ന അജണ്ട-3 പ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് വാർഡ്

ക്ലർക്കുമാർക്ക് നിർദേശം നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കൊണ്ട് തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറായിട്ടില്ല.

3. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.01.2019 ലെ നം . (സി.എസ്) എ 9 -764 /2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കുവാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 2018-18 ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ രണ്ട് റേഷൻ കടകൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചത് (ARD No.23, ARD No-19) . ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മറ്റു റേഷൻ കടകൾക്കെതിരെ ചട്ട പ്രകാരം നടപടി സ്വീകരിച്ചതായി കാണുന്നില്ല.
ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി( 2/27.02.2020)ക്ക് അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 1-13 വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരുടെ അർദ്ധ വർഷത്തിലെ വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | പേര് | അർദ്ധവർഷം | അർദ്ധ വർഷത്തിലെ വരുമാനം | അടവാക്കിയ തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|
| വെട്ടം ഗ്രാമപഞ്ചായത്ത് | വസന്തകുമാർ. കെ | 2 | 131118 | 450 | 800 |
| | റിജേഷ് .കെ | | 86800 | 450 | 300 |
| | ദീപേഷ്. കെ | | 79900 | 450 | 300 |
| എം.ഇ.എസ് ആശുപത്രി | ഡോ. ഹാരിസ് | 1 | 300000 | 450 | 800 |
| ആകെ | | | 2200 | | |

കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 247045 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ (₹2470/-) ചാർജ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. (Audit Enquiry No.10 / 28.2.20). നിലവിൽ കളക്ഷൻ ചാർജ് ഈടാക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി.

# 1-15 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് -അപാകതകൾ

പ്രൊജക്ട് നം : 26/19

അടങ്കൽ : 300000/-വികസന ഫണ്ട്

ചെലവ് :296400
ബിൽ നമ്പർ - 01/24.01 .2019
നിർവ്വഹണം : ഫിഷറീസ് ഇൻസ്പെക്ടർ

മത്സ്യ തൊഴിലാളികളുടെ മക്കളായ വിദ്യാർഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിനാണ് ഈ പ്രൊജക്റ്റ് ആവിഷ്കരിച്ചത്.പദ്ധതിയുടെ ഭാഗമായി ലാപ് ടോപ്പ് കൈപറ്റിയ താഴെ പറയുന്ന വിദ്യാർത്ഥികളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഓരോ വിദ്യാർത്ഥിയുടെ പേരിന് നേരെയും പറയുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | ഹാജരാക്കിയ വിദ്യാഭ്യാസ സർട്ടിഫിക്കറ്റിന്റെ വിവരം | അപാകത |
|---|---|---|---|
| 1 | ശ്രീ അൻസാർ എ.പി<br>S.O/മുഹമ്മദ് അരയന്റെ പുരക്കൽ<br>പറവണ്ണ | ബി.കോം<br>കോ ഒപ്പറേറ്റീവ് ആർട്സ് കോളേജ്,തിരൂർ | പാരലൽ കോളേജിൽ പഠിക്കുന്നവർ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖ ഹാജരാക്കണം. ആയത് ഹാജരാക്കിയിട്ടില്ല. |
| 2 | ശ്രീമതി സമീന സി.പി<br>D.O/ മുഹമ്മദ് കുട്ടി ചൊക്കിടിന്റെ പുരക്കൽ<br>വാക്കാട് | ബി.കോം<br>തുഞ്ചൻ മെമ്മോറിയൽ<br>തിരൂർ | മത്സ്യതൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജറാക്കിയിട്ടില്ല. |

മേൽ രേഖകളുടെ അഭാവത്തിൽ അർഹരായവർ തന്നെയാണോ ആനുകൂല്യം കൈപറ്റിയത് എന്നു ഓഡിറ്റിനു ഉറപ്പാക്കാനായിട്ടില്ല. കൂടാതെ വാങ്ങിയ ഇനങ്ങൾ സ്റ്റോക്ക് റജിസ്റ്ററിൽ ചേർക്കുകയോ {ബിൽ/ഇൻവോയ്സ്/വൗച്ചർ നം./തിയതി/എണ്ണം/സ്പെസിഫിക്കേഷൻ/വിതരണ/ബാലൻസ് തുടങ്ങിയ വിവരങ്ങൾ(ബാധകമായവ) ഉൾപ്പെടുത്തി} , ഇൻവോയിസിൽ സ്റ്റോക്ക് എൻട്രി (സ്വീകരിച്ചപ്പോഴുള്ള കണ്ടീഷൻ,പേജ് നം.&വോള്യം ചേർത്ത്) സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.01/26.02.20 നു മറുപടി ലഭ്യമായിട്ടില്ല. രണ്ട് ലാപ് ടോപ്പുകളുടെ വിലയായ (2x24700) ചെലവു തുക തടസത്തിൽ വെക്കുന്നു.

## 1-16 "വനിതാ അടുക്കളത്തോട്ടം:വിത്ത് വിതരണം പദ്ധതി അപാകതകൾ

കൃഷി ഓഫീസർ നടപ്പാക്കിയ "വനിതാ അടുക്കളത്തോട്ടം: വിത്ത് വിതരണം" എന്ന പ്രൊജക്റ്റിന്റെ(നം.20/2018-19) ഭാഗമായി ബിൽ നം. 04/2018-19 തി. 14.11.18 പ്രകാരം VFPCK സീഡ് പ്രൊസസിംഗ് പ്ലാന്റ്, ആലത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും കിറ്റ് ഒന്നിനു 50 രൂപ നിരക്കിൽ 31,050 രൂപ ചെലവഴിച്ച് എട്ടിനം വിത്തുകൾ അടങ്ങിയ 621 കിറ്റുകൾ വാങ്ങിയിട്ടുണ്ട്. ആയത് വിതരണം ചെയ്ത രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ചില വാർഡുകളിൽ നിന്ന് ലഭ്യമാക്കിയ വിതരണ പത്രികയിൽ കൈപറ്റിയവരുടെ കയ്യൊപ്പില്ല. ഉദാ:- വാർഡ് 3 ലെ ക്രമ നം.60 മുതൽ 119 വരെയും, വാർഡ് 9 ലെ ക്രമ നം. 33 മുതൽ 52 വരെയും ഉള്ള കൈപ്പറ്റ്.

2. വിവിധ വാർഡുകളിലെ ഗുണഭോക്താക്കളുടെ കയ്യൊപ്പുകൾ സമാനമായതാണ്. ഉദാ:-വാർഡ് 6ലെ ക്രമ നം.8 മുതൽ 15 വരെയും, വാർഡ് 10 ലെ ക്രമ നം.9 മുതൽ 16 വരെയും. വാർഡ് 11 ലെ 45 ഗുണഭോക്താക്കളുടെ ഒപ്പിനായുള്ള കോളങ്ങളിൽ അങ്ങിങ്ങായി ഒരേ കൈപ്പടയിലുള്ള 9 ഒപ്പുകൾ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3.സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിതരണത്തിന്റെ വിവരം രേഖപ്പെടുത്തുകയോ, അല്ലെങ്കിൽ പ്രത്യേകം ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.17/28.2.2020 ന നല്കിയ മറുപടിയിൽ, വാർഡ് മെമ്പർമാർ മുഖേന നല്കിയ വിത്തുകളുടെ വിതരണ രേഖയിൽ ആണ് ഇത്തരത്തിൽ സംഭവിച്ചതെന്നും അപാകത പരിഹരിക്കുന്നതാണെന്നും വിതരണവിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവു തുക 31,050 രൂപ തടസത്തിൽ വെക്കുന്നു.

## 1-17 സമ്പൂർണ്ണ മാലിന്യ മുക്ത വെട്ടം - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനത തകൾ സംബന്ധിച്ച്.

പ്രൊജക്ട് നം : 81/19

അടങ്കൽ : 9,00,000.00, CFC

ചെലവ് : 598000.00 ബിൽ നം .11/19.9.18

50285.00 ബിൽ നം . 37/23.3.19

648285.00

നിർവ്വഹണം : സെക്രട്ടറി

മാലിന്യം ശാസ്ത്രീയമായി തരം തിരിച്ച് സൂക്ഷിച്ച് സംസ്കരിക്കേണ്ടതിനെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, ഹരിത കർമ്മ സേന മുഖേന മാലിന്യം ശേഖരിച്ച് തരം തിരിച്ച് ആയത് സംസ്കരിക്കുന്നതിനായി സംസ്കരണ കേന്ദ്രത്തിലേക്ക് അയക്കുന്നതിനുമാണ് ഈ പ്രൊജക്ട് ആവിഷ്കരിച്ചത്. പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. പ്രൊജക്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വിഭിന്നമായി നിർവ്വഹണം നടത്തി.

പ്രൊജക്ട് പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരുന്നത്.

| ക്രമ നമ്പർ | പ്രവർത്തനം | അടങ്കൽ |
|---|---|---|
| 1 | ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനം | 1,50,000.00. |
| 2 | മാലിന്യം നാളികേരം സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള ചെലവ് | 3,00,000.00 |
| 3 | മാലിന്യം സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള ചെലവ് | 4,00,000.00 |

എന്നാൽ താഴെ പറയുന്ന പ്രവർത്തികൾക്കാണ് പ്രൊജക്ട് പ്രകാരം തുക ചെലവ് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | പ്രവർത്തനം | ചെലവ് |
|---|---|---|
| 1 | ജനങ്ങളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി 10057 നോട്ടീസുകൾ വീടുകളിൽ വിതരണം | 50285.00 |

| | | |
|---|---|---|
| | ചെയ്തതനിന് ഭരണ സമിതി തീരുമാനം 3(2)/18.3.19 പ്രകാരം നോട്ടീസ് 1 ന് 5 രൂപ നിരക്കിൽ ഹരിത കർമ്മ സേന അംഗങ്ങൾക്ക് പ്രതിഫലം നൽകിയത് | |
| 2 | ശേഖരിച്ച് വച്ച മാലിന്യം സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ട് പോകുന്നതിന് ലോഡ് ഒന്നിന് 26000.00 രൂപ നിരക്കിൽ 23 ലോഡിന് നൽകിയ തുക | 598000.00 |

മാലിന്യം മെറ്റീരിയൽ കളക്ഷൻ സെന്ററിലേക്ക് കൊണ്ട് പോകുന്നതിന് വകയിരുത്തിയ തുകയുൾപ്പെടെയുള്ള തുക മാലിന്യം സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതിന് ചെലവ് ചെയ്തിട്ടുണ്ട്. ഇത് അംഗീകൃത പ്രൊജക്ടിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച മാലിന്യം മെറ്റീരിയൽ കളക്ഷൻ സെന്ററിലേക്ക് കൊണ്ടുപോയി തരം തിരിക്കാതെ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ശേഖരിച്ച് വയ്ക്കുകയും, പിന്നീട് സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോകുകയുമാണ് ചെയ്തിട്ടുള്ളത്. പ്രൊജക്ട് ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെട്ടിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

2. <u>മാലിന്യം സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോയത് - പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ</u>

മാലിന്യം സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതിന് ടെണ്ടർ നോട്ടീസ് നമ്പർ എ2.2166/18 തീയ്യതി.6.7.18 പ്രകാരം, 10 ടൺ ശേഷിയുള്ള വാഹനത്തിന്റെ നിരക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട്, ഇ ടെണ്ടർ ക്ഷണിച്ചു. ഇതിൽ ലോഡ് ഒന്നിന് 26000.00 രൂപ നിരക്ക് സമർപ്പിച്ച എക്കോ ഗ്രീൻ കേരള എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണ സമിതി തീരുമാനം 2/6.8.18 പ്രകാരം അംഗീകരിച്ചു. തുടർന്ന് 23 ലോഡ് മാലിന്യം സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോയതിന് 598000.00 രൂപ എക്കോ ഗ്രീൻ ന് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

എ) <u>ഡോക്യുമെന്റേഷൻ തൃപ്തികരമല്ല</u> :- മാലിന്യം കൊണ്ടു പോയ 23 ലോറികളുടെയും ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ പലതിന്റെയും രജിസ്ട്രേഷൻ നമ്പർ വ്യക്തമായിട്ടില്ല. മിക്ക ലോറികളുടെയും മുൻഭാഗം മാത്രമാണ് ഫോട്ടോ എടുത്തിട്ടുള്ളത്. ലോഡ് കയറ്റിയ രീതിയിലുള്ള ഫോട്ടോ ഇല്ല. ഏത് വാർഡിൽനിന്നുള്ള മാലിന്യമാണ് കയറ്റിയതെന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തൽ ഒന്നിലും ഇല്ല. ഒരു ഫോട്ടോയിൽ പോലും ഹരിത സേനാംഗങ്ങളുടെ/പൊതു ജനങ്ങളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ഫോട്ടോ ഇല്ല.

ബി) <u>വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രത്തിൽ മതിയായ വിവരങ്ങൾ ഇല്ല</u> :- മാലിന്യം കൊണ്ടുപോയതായി സാക്ഷ്യപ്പെടുത്തി ഗ്രാമ പഞ്ചായത്തിലെ 20 വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യ പത്രങ്ങളിൽ ഒന്നിൽ പോലും മാലിന്യം കൊണ്ടുപോയ വാഹനത്തിന്റെ രജിസ്റ്റർ നമ്പറോ, മാലിന്യം നീക്കം ചെയ്ത തീയ്യതിയോ രേഖപ്പെടുത്തിയിട്ടില്ല.

സി) <u>വാഹനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമല്ല</u> :- മാലിന്യം കൊണ്ടു പോകാൻ ഉപയോഗിച്ച വാഹനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ചതിൽ KL 45 F 713, KA 06 C 6035, Mid 12 MV 2342 (ബില്ലിലെ ക്രമ നമ്പർ 13,18,22 ലോറികൾ) എന്നീ വാഹനങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ RTO വെബ് സൈറ്റിൽ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത വാഹനങ്ങൾ HGV/MGV വിഭാഗത്തിൽപ്പെട്ട വാഹനങ്ങളാണോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

3). <u>കരാർ ചമച്ചത് ക്രമപ്രകാരമല്ല</u> :- 13.8,18 തീയ്യതിയിൽ എക്കോ ഗ്രീൻ മുദ്രപ്പത്രത്തിൽ കരാർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കരാറിൽ സെക്രട്ടറിയും സ്ഥാപനത്തിന്റെ പ്രതിനിധിയും ഒപ്പ് വച്ചിട്ടില്ല. എഗ്രിമെന്റിന് നമ്പർ നൽകിയിട്ടില്ല.

4). <u>വരുമാന നികുതി ഈടാക്കിയിട്ടില്ല</u> :- എക്കാ ഗ്രീനിന് പ്രതിഫലമായി നൽകിയ തുകയിൽനിന്നും 1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194C പ്രകാരം 2% നിരക്കിൽ 11960.00 രൂപ വരുമാന നികുതി ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കിയിട്ടില്ല.

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.18/29.02.2020, മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 6,48,285.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-18 മീറ്റിംഗ് ഹാൾ നവീകരണം - ഭരണാനുമതി വാങ്ങാത്തതും മറ്റ് ന്യൂനതതകളും സംബന്ധിച്ച്.

പ്രൊജക്റ്റ് നം : 40/19

അടങ്കൽ : 10,00,000.00, തനത്

ചെലവ് : 3,28,234.00 വൗച്ചർ നമ്പർ -21800998/25.3.19

3,33,924.00

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. അംഗീകൃത പ്രൊജക്റ്റിൽ വിഭാവനം ചെയ്തതിൽ നിന്നും വിഭിന്നമായ രീതിയിൽ നിർവ്വഹണം നടത്തി.

മീറ്റിംഗ് ഹാളിലേക്ക് ടെണ്ടർ/ക്വട്ടേഷൻ മുഖേനെ താഴെ പറയുന്ന സാധനങ്ങൾ വാങ്ങുന്നതിനാണ് പ്രൊജക്റ്റ് ആവിഷ്കരിച്ചിരുന്നത്.

| ക്രമ നമ്പർ | സാധനം | എണ്ണം | യൂണിറ്റ് കോസ്റ്റ് | ആകെ |
|---|---|---|---|---|
| 1. | പ്രൊജക്റ്റർ | 1 | 50,000.00 | 50,000.00 |
| 2. | എയർ കണ്ടിഷനർ | 1 | 40,000.00 | 40,000.00 |
| 3. | ബൾബ്/ട്യൂബ് | 10 | 500.00 | 5,000.00 |
| 4. | ഫാൻ | 10 | 2,500.00 | 25,000.00 |
| 5. | ടേബിൾ | 1 | 1,00,000.00 | 1,00,000.00 |
| 6. | ചെയർ | 22 | 5,000.00 | 1,10,000.00 |
| 7. | അലമാര | 2 | 15,000.00 | 30,000.00 |
| 8. | ഡയസ് | 1 | 50,000.00 | 50,000.00 |
| 9. | ചെയർ | 1 | 6,500.00 | 6,500.00 |

എന്നാൽ ഭരണ സമിതി തീരുമാനം നമ്പർ 1(6)/18.11.18 അനുസരിച്ച് സിഡ്കോയെ പ്രൊജക്റ്റ് നിർവ്വഹണം ഏൽപ്പിക്കാൻ തീരുമാനിക്കുകയും, ആയത് പ്രകാരം നിർവ്വഹണം നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, മേൽപ്പറഞ്ഞ പ്രകാരം പ്രൊജക്റ്റിൽ വിഭാവനം ചെയ്ത സാധനങ്ങളല്ല സിഡ്കോയിൽ നിന്നും ഇൻവോയ്സ് നമ്പർ MJRI/18-19/0354/28.02.19 പ്രകാരം വാങ്ങിയിട്ടുള്ളത്. പ്രൊജക്റ്റ് ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിവാങ്ങാതെ, അംഗീകരിച്ച പ്രൊജക്റ്റിൽ നിന്നും വിഭിന്നമായി പ്രവർത്തിച്ചത് ക്രമപ്രകാരമല്ല.

2.ഭരണാനുമതി വാങ്ങാതെ വർക്ക് ഓർഡർ നൽകി.

G.O(Rt)NO.1696/2018/LSGD തീയ്യതി.22.6.2018 (SIDCO യെ ചെറുകിട യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണിഷിംഗ് നടത്തുന്നതിനും നോഡൽ ഏജൻസിയായി നിശ്ചയിച്ച ഉത്തരവ്), G.O(Rt)NO.24/2018/SPD തീയ്യതി.28.6.2018 ((SIDCO യിൽ രജിസ്റ്റർ ചെയ്ത ചെറുകിട യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ G.O(Rt)NO.26/2015/SPD തീയ്യതി.28.5.2015 ഉത്തരവിൽ നിശ്ചയിച്ച വിലയിൽ അധികരിക്കാതെ, ടെണ്ടർ കൂടാതെ വാങ്ങുന്നതിന് അനുവദിച്ച ഉത്തരവ്), G.O(P)NO.116/2018/FIN തീയ്യതി.26.7.2018 (സിവിൽ വർക്കുകൾ PMC വ്യവസ്ഥയിൽ നിർവ്വഹിക്കുന്നതിന് SIDCO യെ അക്രഡിറ്റ് ഏജൻസിയായി അംഗീകരിച്ച ഉത്തരവ്) എന്നിവയുടെ അടിസ്ഥാനത്തിലാണ് SIDCO യെ മീറ്റിംഗ് ഹാൾ ഫർണിഷിംഗ് പ്രൊജക്റ്റ് നിർവ്വഹണം ഏല്പിച്ചത്.

G.O(P)NO.95/2017/FIN തീയ്യതി.25.7.2017 നമ്പർ ഉത്തരവ് അനുസരിച്ച് സിവിൽ വർക്കുകൾ PMC വ്യവസ്ഥയിൽ

നിർവ്വഹിക്കുന്നതിന് അംഗീകാരം ലഭിച്ച അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സുതാര്യമായ ബിഡിംഗ് മുഖേനെയായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അല്ലാത്ത പക്ഷം കോൺട്രാക്ടേഴ്സ് പ്രോഫിറ്റിന് അർഹതയില്ല. സെന്റേജ് ചാർജിനാണ് അർഹത. എന്നാൽ ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്തത് പ്രകാരമല്ല സിഡ്കോ ഈ പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത്.

പ്രൊജക്ട് നിർവ്വഹണത്തിനായി പ്രൊഫോർമ ഇൻവോയ്സുകൾ ലഭ്യമാക്കാൻ സെക്രട്ടറി 20.11.18 ലെ A2/199/19 നമ്പർ കത്ത് പ്രകാരം മഞ്ചേരി സിഡ്കോ ഡിവിഷൻ മാനേജർക്ക് കത്ത് നൽകിയതിനെ തുടർന്ന് താഴെ പറയും പ്രകാരം ഇൻവോയ്സുകൾ സിഡ്കോ ലഭ്യമാക്കുകയുണ്ടായി.

| ക്രമ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് നമ്പർ തീയ്യതി | തുക |
|---|---|---|
| 1 | PI/MJIO/0524/14.11.18 | 3,99,890.00 |
| 2 | PI/MJIO/0638/11.12.18 | 3,86,560.00 |
| 3 | PI/MJIO/0637/11.12.18 | 3,33,924.00 |

തുടർന്ന് പ്രൊഫോർമ ഇൻവോയ്സ് PI/MJIO/0637/11.12.18 ൽ പറഞ്ഞ സാധനങ്ങൾ

MJRI/18-19/0354/28.02.19 നമ്പർ ഇൻവോയ്സ് പ്രകാരം സിഡ്കോ ലഭ്യമാക്കുകയും, ആയത് സ്റ്റോക്കിലെടുത്ത് 3,33,924.00 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രൊഫോർമ ഇൻവോയ്സിൽ പറഞ്ഞ സാധനങ്ങളുടെ വില/നിരക്ക് G.O(Rt)NO.26/2015/SPD തീയ്യതി.28.5.2015 ഉത്തരവിന്റെ വെളിച്ചത്തിൽ പരിശോധിച്ച് ഭരണാനുമതി (എസ്റ്റിമേറ്റിന് ഭരണാനുമതി നൽകൽ) നൽകിയിട്ടില്ല. ഭരണാനുമതി ലഭ്യമാക്കാതെ സാധനങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല.

3. <u>ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ സാധനങ്ങളുടെ വിലയുടെ സ്വീകര്യത പരിശോധിക്കാതെ തുക അനുവദിച്ചു.</u>

MJRI/18-19/0354/28.02.19 നമ്പർ ഇൻവോയ്സ് പ്രകാരം സിഡ്കോ ലഭ്യമാക്കിയ സാധനങ്ങൾ സിഡ്കോയിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ നിർമ്മിച്ചതാണെങ്കിൽ , G.O(Rt)NO.26/2015/SPD തീയ്യതി.28.5.2015 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ച വിലയിൽ അധികരിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ തുക അനുവദിക്കാവൂ. എന്നാൽ അപ്രകാരം പരിശോധന നടത്തിയിട്ടില്ല. മേൽ ഉത്തരവിലെ പട്ടികയിൽ പറഞ്ഞ സാധനങ്ങളിൽ ഏതെല്ലാം സാധനങ്ങളാണ് ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയിട്ടുള്ളത് എന്ന് ഇൻവോയ്സും വിലവിവര പട്ടികയും പരിശോധിച്ചതിൽ നിന്നും കണ്ടെത്താനായിട്ടില്ല.

മേൽ അപാകത ചൂണ്ടിക്കാണിച്ച് ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.13/28.02.2020, മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 3,33,924.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഈ പ്രൊജക്ടിന്റെ ബിൽ തുക അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയുള്ള നിർവ്വഹണം പൂർണ്ണമായും നടത്തിയിട്ടുള്ളത് ശ്രീ.സലീം , സെക്രട്ടറിയാണ്. ബിൽ തുക അനുവദിച്ച കാലയളവിൽ അസി.സെക്രട്ടറിക്കായിരുന്നു സെക്രട്ടറിയുടെ ചുമതല. ആയതിനാൽ പ്രൊജക്ടിന്റെ ചെലവ് തടസ്സത്തിന്റെ ബാധ്യത ശ്രീ.സലീം, സെക്രട്ടറിയിൽ നിജപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് 29.02.2020 ലെ എ.എസ്.1/19 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ബീരാൻ കുട്ടി ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

## 1-19 തെരുവ് വിളക്ക് റിപ്പയർ - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതതകൾ സംബന്ധിച്ച്.

പ്രൊജക്ട് നം : 64/19

അടങ്കൽ : 423785.00, CFC

<u>376215.00</u>, തനത്

<u>800000.00</u>

ചെലവ് : 396928.00 ബിൽ നമ്പർ - 32/19.3.19

നിർവ്വഹണം : സെക്രട്ടറി

തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് ഒരു വർഷം സംരക്ഷിക്കുന്നതിനാണ് ഈ പ്രൊജക്റ്റ് ആവിഷ്കരിച്ചത്. ആദ്യ ഘട്ടത്തിൽ പ്രൊജക്ടിന്റെ അടങ്കൽ 4 ലക്ഷം രൂപയായിരുന്നു. പിന്നീട് പ്രൊജക്റ്റ് ഭേദഗതി ചെയ്ത് അടങ്കൽ 8 ലക്ഷം രൂപയായി ഉയർത്തുകയും, പ്രവൃത്തി തുടരാൻ അതേ കരാറുകാരനെ അനുവദിക്കുകയുമാണുണ്ടായത്.

പ്രൊജക്റ്റ് നിർവ്വഹണം ഏല്പിക്കുന്നതിന് കരാറുകാരനെ കണ്ടെത്തുന്നതിന്ടെണ്ടർ നോട്ടീസ് നമ്പർ എ2/2166/18 തീയ്യതി.26.6.18 പ്രകാരം ടെണ്ടർ ക്ഷണിച്ചു. ആറ് ഇനങ്ങളിലുള്ള തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് നിരക്ക് ആവശ്യപ്പെട്ടുകൊണ്ടാണ് ടെണ്ടർ ക്ഷണിച്ചത്. ഇതെ തുടർന്ന് നാല് സ്ഥാപനങ്ങൾ നിരക്ക് സമർപ്പിച്ചു. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ലൈറ്റ് ഓൺ എനർജി, മംഗലം എന്ന സ്ഥാപനത്തിന്റെ താഴെ പറയും പ്രകാരമുള്ള നിരക്ക് ഭരണ സമിതി തീരുമാനം നമ്പർ 03/06.8.18 പ്രകാരം അംഗീകരിച്ചു.

| ക്രമ നമ്പർ | ടെണ്ടർ നോട്ടീസ് പ്രകാരം ആവശ്യപ്പെട്ടത് (1 ന് വേണ്ട നിരക്ക്) | ലൈറ്റ് ഓൺ എനർജി, മംഗലം ക്വാട്ട് ചെയ്ത നിരക്ക്(അംഗീകരിച്ച നിരക്ക്) |
|---|---|---|
| 1. | 2x11 W CFL Street light<br>1 Year AMC charge | 672.00 |
| 2. | 40 W (Single tube) FTL Street light<br>1 Year AMC charge | 1120.00 |
| 3. | 18 W FTL Street light<br>1 Year AMC charge | സമർപ്പിച്ചിട്ടില്ല. |
| 4. | 12 W LED<br>1 Year AMC charge | 672.00 |
| 5. | 18 W LED<br>1 Year AMC charge | 784.00 |
| 6. | 24 W LED<br>1 Year AMC charge | 896.00 |

ഭരണ സമിതി ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് സെക്രട്ടറി 04.9.18 ലെ എ2./5687/18 നമ്പർ കത്ത് പ്രകാരം കരാർ വച്ച് പ്രവർത്തി ആരംഭിക്കാൻ ലൈറ്റ് ഓൺ എനർജി, മംഗലത്തിന് നിർദ്ദേശം നൽകി. കരാർ സമർപ്പിച്ച് പ്രവർത്തി ആരംഭിച്ച സ്ഥാപനം താഴെ പറയും പ്രകാരം തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതായി കാണിച്ച്, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം സഹിതം, രണ്ട് തവണ ബില്ല് സമർപ്പിച്ചിട്ടുണ്ട്.

| വാർഡ് നമ്പർ | ആദ്യത്തെ ബിൽ | | രണ്ടാമത്തെ ബിൽ | |
|---|---|---|---|---|
| | സാക്ഷ്യ പത്രം നൽകിയ തീയ്യതി | റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയ എണ്ണം | സാക്ഷ്യ പത്രം നൽകിയ തീയ്യതി | റിപ്പയർ ചെയ്തതായി സാക്ഷ്യപ്പെടുത്തിയ എണ്ണം |
| 1. | 17.9.18 | 22 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 22 |
| 2. | 29.10.18 | 25 | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 22 |
| 3. | 20.9.18 | 22 | 25.3.19 | 22 |
| 4. | 22.9.18 | 22 | 14.3.19 | 22 |
| 5. | 19.9.18 | 22 | 28.2.19 | 22 |

| | | | | |
|---|---|---|---|---|
| 6. | 25.10.18 | 22 | 18.3.19 | 22 |
| 7. | 23.9.18 | 22 | 11.3.19 | 22 |
| 8. | 26.9.18 | 22 | 13.3.19 | 22 |
| 9. | 28.10.18 | 22 | 26.3.19 | 22 |
| 10. | 01.10.18 | 22 | 21.3.19 | 22 |
| 11. | 06.10.18 | 22 | 25.3.19 | 22 |
| 12. | 06.10.18 | 22 | തീയ്യതി രേഖപ്പടുത്തിയിട്ടില്ല | 22 |
| 13. | 18.10.18 | 22 | 25.3.19 | 22 |
| 14. | 17.10.18 | 22 | 19.3.19 | 22 |
| 15. | 02.10.18 | 22 | 23.3.19 | 22 |
| 16. | 05.10.18 | 22 | 20.3.19 | 22 |
| 17. | 06.10.18 | 22 | തീയ്യതി രേഖപ്പടുത്തിയിട്ടില്ല | 22 |
| 18. | 08.10.18 | 22 | 22.3.19 | 22 |
| 19. | 18.10.18 | 22 | തീയ്യതി രേഖപ്പടുത്തിയിട്ടില്ല | 22 |
| 20. | 20.10.18 | 22 | തീയ്യതി രേഖപ്പടുത്തിയിട്ടില്ല | 22 |
| ആകെ | | 443 | | 440 |

ഇതിൽ ആദ്യത്തെ ബില്ലിന് ഒരു ലൈറ്റിന്റെ അറ്റകുറ്റപ്പണിക്ക് 896 രൂപ നിരക്കിൽ 443 എണ്ണത്തിന് 396928.00 രൂപ അനുവദിച്ചിട്ടുണ്ട്. (ഈ തുക അനുവദിച്ചതിന് ശേഷമാണ് പ്രൊജക്ട് ഭേദഗതി ചെയ്ത് അടങ്കൽ ഉയർത്തിയത്) രണ്ടാമത്തെ ബില്ലിന്റെ തുക അനുവദിച്ചിട്ടില്ല.

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. ആറ് ഇനം ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. അഞ്ച് ഇനങ്ങൾക്ക് മാത്രമാണ് ലൈറ്റ് ഓൺ എനർജി, മംഗലം നിരക്ക് ക്വാട്ട് ചെയ്തത്. എന്നിട്ടും പ്രസ്തുത നിരക്ക് അംഗീകരിച്ചിട്ടുണ്ട്. ആയതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല.

2. പ്രവർത്തി ആരംഭിക്കാൻ ലൈറ്റ് ഓൺ എനർജി, മംഗലത്തിന് നിർദ്ദേശം നൽകിക്കൊണ്ട് സെക്രട്ടറി നൽകിയ 04.9.18 ലെ എ2./5687/18 നമ്പർ കത്തിൽ ഏതെല്ലാം പോസ്റ്റുകളിലെ ഏതെല്ലാം തരത്തിലുള്ള ലൈറ്റുകളാണ് റിപ്പയർ ചെയ്യേണ്ടത് എന്ന് പറഞ്ഞിട്ടില്ല. വാർഡ് മെമ്പർമാർ സമർപ്പിച്ചിട്ടുള്ള മേൽപ്പറഞ്ഞ സാക്ഷ്യ പത്രങ്ങളിൽ എല്ലാറ്റിലും അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളുടെ നമ്പർ മാത്രമാണ് പറഞ്ഞിട്ടുള്ളത്. ഏത് തരത്തിലുള്ള ലൈറ്റുകളാണ് അറ്റകുറ്റപ്പണി നടത്തിയത് എന്ന് പറഞ്ഞിട്ടില്ല. എന്നിട്ടും കരാറുകാരൻ സമർപ്പിച്ച ബില്ലിലെ 443 ലൈറ്റുകൾക്കും ഒന്നിന് 896.00 രൂപ നിരക്കിൽ പ്രതിഫലം അനുവദിച്ചിട്ടുണ്ട്. യൂണിറ്റിന് 672.00,784.00 രൂപ നിരക്കിൽ പ്രതിഫലം നിശ്ചയിച്ചിട്ടുള്ള തെരുവ് വിളക്കുകളും ഉണ്ടായിരിക്കെ, റിപ്പയർ ചെയ്ത എല്ലാ തെരുവ് വിളക്കുകൾക്കും യാതൊരു രേഖയുടെയും പിൻബലമില്ലാതെ 896.00 രൂപ നിരക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല.

3. തെരുവ് വിളക്കുകൾ ഒരു വർഷത്തേക്ക് അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിന് വേണ്ട നിരക്കാണ് ടെണ്ടർ പ്രകാരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നത്. ആയതിനാൽ റിപ്പയർ ചെയ്യുന്ന ലൈറ്റുകൾ ഒരു വർഷം മുഴുവൻ സംരക്ഷിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമെ കരാർ തുക മുഴുവനും അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ഒരു തവണ അറ്റകുറ്റപ്പണി നടത്തിയ സമയത്ത് തന്നെ കരാർ പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. പ്രതിഫലം കൈപ്പറ്റിയതിന് ശേഷം കരാറുകാരൻ പ്രസ്തുത ലൈറ്റുകൾ കരാർ കാലാവധി തീരുന്നത് വരെ അറ്റകുറ്റപ്പണി നടത്തി സംരക്ഷിച്ചിരുന്നു എന്ന് തെളിയിക്കുന്ന ഒരു രേഖയും സൂക്ഷിച്ചിട്ടില്ല. ഇതിൽ നിന്നും ഒരു

വർഷത്തെ പ്രവർത്തനത്തിന് നൽകേണ്ട പ്രതിഫലം ഒരു തവണ നിർവ്വഹിച്ച പ്രവർത്തിക്ക് നൽകുകവഴി കരാറുകാരന് അന്യായമായ നേട്ടം ലഭിക്കാനിടയായിട്ടുണ്ട് എന്ന് കാണുന്നു.

4.ഓഡിറ്റ് എൻക്വയറി നമ്പർ 16/28.2.2020 ൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ ഹാജരാക്കുന്നതിനും, ആയത് ലഭ്യമല്ലെങ്കിൽ, ഏറ്റവും അവസാനം നടത്തിയ കണക്കെടുപ്പ് പ്രകാരം വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ ആകെ എണ്ണവും, 69/19 നമ്പർ പ്രൊജക്ട് പ്രകാരം പുതുതായി സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണവും ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന് സെക്രട്ടറി ലഭ്യമാക്കിയ 28.2.2020 ലെ മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നാളിതുവരെ ആകെ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെയും, 69/19 നമ്പർ പ്രൊജക്ട് പ്രകാരം 2018-19 ൽ പുതുതായി സ്ഥാപിച്ച തെരുവ് വിളക്കുകളുടെയും എണ്ണം ലഭ്യമാക്കിയിട്ടുണ്ട്.

64/19 പ്രൊജക്ട്പ്രകാരം ഓരോ വാർഡിലും അറ്റകുറ്റപ്പണി നടത്തിയ ലൈറ്റുകളുടെ എണ്ണവും, 69/19 നമ്പർ പ്രൊജക്ട് പ്രകാരം 2018-19 ൽ പുതുതായി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണവും ചേർത്താൽ ചില വാർഡുകളിലെ ആകെ നാളിതു വരെ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണത്തെക്കാൾ അധികരിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| വാർഡ് നമ്പർ | 64/19 പ്രൊജക്ട് പ്രകാരം അറ്റകുറ്റപ്പണി നടത്തിയത് | 69/19 പ്രകാരം പുതുതായി സ്ഥാപിച്ചത് | ആകെ (64/19+ 69/19) | സെക്രട്ടറിയുടെ 28.2.2020 കത്ത് പ്രകാരം നാളിതുവരെ വാർഡിൽ ആകെ സ്ഥാപിച്ച തെരുവ് വിളക്കുകൾ. |
|---|---|---|---|---|
| 1. | 44 | 11 | 55 | 41 |
| 2. | 47 | 12 | 59 | 34 |
| 3. | 44 | 12 | 56 | 72 |
| 4. | 44 | 12 | 56 | വിവരം ലഭ്യമല്ല |
| 5. | 44 | 12 | 56 | 58 |
| 6. | 44 | 12 | 56 | വിവരം ലഭ്യമല്ല |
| 7. | 44 | 12 | 56 | 49 |
| 8. | 44 | 12 | 56 | 48 |
| 9. | 44 | 12 | 56 | 58 |
| 10. | 44 | 12 | 56 | 55 |
| 11. | 44 | 12 | 56 | 36 |
| 12. | 44 | 12 | 56 | 60 |
| 13. | 44 | 12 | 56 | 50 |
| 14. | 44 | 11 | 55 | 53 |
| 15. | 44 | 12 | 56 | വിവരം ലഭ്യമല്ല |
| 16. | 44 | 12 | 56 | 69 |
| 17. | 44 | 12 | 56 | 55 |
| 18. | 44 | 12 | 56 | 56 |
| 19. | 44 | 12 | 56 | 56 |
| 20. | 44 | 12 | 56 | 57 |
| ആകെ | 883 | 238 | 1121 | |

5. അറ്റകുറ്റപ്പണി നടത്തുന്നതിന് കരാറുകാരനുള്ള സാങ്കേതിക യോഗ്യത ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കുകയോ, കരാറുകാരൻ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

6. സാങ്കേതിക വൈദഗ്ദ്യമുള്ള ആരും തന്നെ പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. കരാറുകാരൻ എഗ്രിമെന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എഗ്രിമെന്റിന് നമ്പർ നൽകുകയോ, സെക്രട്ടറി ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.20/29.02.2020 മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുക 396928.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ തൃപ്തികരമായി പരിഹരിക്കപ്പെട്ടതിന് വിധേയമായി മാത്രം സ്ഥാപനത്തിന് അന്തിമ ബിൽ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-20 വനിതാ വയോജന സ്നേഹാലയത്തിന് ഉപകരണങ്ങൾ - വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചിട്ടില്ല

പ്രൊജക്ട് നം : 199/19

അടങ്കൽ : 2,50,000.00, പ്ലാൻ

ചെലവ് : 1,87,740.00 ബിൽ നമ്പർ - 34/19.3.19

നിർവ്വഹണം : സെക്രട്ടറി

വനിതാ വയോജന സ്നേഹാലയത്തിന് വിവധ തരം ഉപകരണങ്ങൾ വാങ്ങാനാണ് പ്രൊജക്ട്. ടെണ്ടർ നോട്ടീസ് നമ്പർ എ2/2166/18 തീയ്യതി 19.7.18 പ്രകാരം ഇതിന് ടെണ്ടർ ക്ഷണിച്ചു. ഇതിൽ ബി.എസ്.ജി.എസ്.ടി, കുറ്റിപ്പുറംഎന്ന സ്ഥാപനം സമർപ്പിച്ച 18 1740.00 രൂപയുടെ ടെണ്ടർ, ഏറ്റവും കുറഞ്ഞ ടെണ്ടർ, ഭരണ സമിതി തീരുമാനം നമ്പർ 1(6)/30.11.18 പ്രകാരം അംഗീകരിച്ചു. തുടർന്ന് സ്ഥാപനം താഴെ പറയുന്ന സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിന് മേൽപ്പറഞ്ഞ ബിൽ പ്രകാരം പ്രതിഫലം കൈപ്പറ്റിയിട്ടുമുണ്ട്.

| ക്രമനമ്പർ | സാധന | വില | എണ്ണം | ആകെ |
|---|---|---|---|---|
| 1. | 32 " ടി,വി | 23990.00 | 1 | 23990.00 |
| 2. | വാട്ടർ പ്യൂരിഫയർ 10 ലിറ്റർ | 18990.00 | 1 | 18990.00 |
| 3. | ഫ്രിഡ്ജ് 190 ലിറ്റര് | 19990.00 | 1 | 19990.00 |
| 4. | മേശ | 16900.00 | 1 | 16900.00 |
| 5. | ചെയർ | 1240.00 | 8 | 9920.00 |
| 6. | കബോഡ് 6x3x1.5 18 kg | 9490.00 | 2 | 18980.00 |
| 7. | ഗാസ് സ്റ്റൗ | 2790.00 | 1 | 2790.00 |
| 8. | മിക്സർ ഗ്രൈന്റർ 750 watts | 4920.00 | 1 | 4920.00 |
| 9. | സോഫ സെറ്റ് (wooden2x3) | 19790.00 | 1 | 19790.00 |
| 10. | ബെഡ്(6x3) | 2990.00 | 8 | 23920.00 |
| 11. | പില്ലോ | 190.00 | 8 | 1520.00 |
| 12. | ബെഡ് ഷീറ്റ് | 370.00 | 8 | 2960.00 |
| 13. | പ്രഷർ കുക്കർ 5 ltr | 1940.00 | 1 | 1940.00 |
| 14. | പ്രഷർ കുക്കർ 2 ltr | 1390.00 | 1 | 1390.00 |
| 15. | 9 ഇനം മറ്റ് സാധനങ്ങൾ | 19940.00 | Full set | 19940.00 |
| ആകെ | | | | 181740.00 |

ഈ പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചിട്ടില്ല – 28.2.2020 ന് സ്നേഹാലയം സന്ദർശിച്ചപ്പോൾ മേൽ സാധനങ്ങൾ ഉപയോഗിച്ചിട്ടില്ല എന്ന് കണ്ടു. സ്നേഹാലയത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനത്തിന് ഇതുവരെ തീയ്യതി

നിശ്ചയിച്ചിട്ടില്ല. കെട്ടിട സൗകര്യം പൂർത്തിയായിട്ടുണ്ട്. പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി അടുത്തിടെ രണ്ട് വനിതാ കെയർടേക്കർമരെ നിയമിച്ചിട്ടുണ്ട്. അന്തേവാസികളെ ഇതുവരെ പ്രവേശിപ്പിച്ചിട്ടില്ല. ഇതിൽ നിന്നും 2018-19 പദ്ധതിയിൽ ഈ സ്ഥാപനത്തിന് വേണ്ട ഉപകരണങ്ങൾ വാങ്ങിയത് തികച്ചും അനാവശ്യമാണെന്ന് വ്യക്തമാണ്. ഇതുമൂലം വാങ്ങിയ സാധനങ്ങളുടെ വാറണ്ടി പിരീഡ് നഷ്ടമാകുന്നതിനും, ദീർഘകാലം ഉപയോഗിക്കാതിരുന്നതിനാൽ സാധനങ്ങളുടെ ഗുണനിലവാരം നഷ്ടമാകുന്നതിനും, പദ്ധതി പണം അനാവശ്യമായി മുടങ്ങിക്കിടക്കുന്നതിനും കാരണമായിട്ടുണ്ട്.

2. <u>കരാർ ചമച്ചിട്ടില്ല</u>. - ബി.എസ്.ജി.എസ്.ടി, കുറ്റിപ്പുറം കരാർ ചമക്കുന്നതിനായി മുദ്രപ്പത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കരാർ തയ്യാറാക്കി സെക്രട്ടറിയും സ്ഥാപനവും ഒപ്പുവച്ചിട്ടില്ല. കരാറിന് നമ്പർ നൽകിയിട്ടില്ല.

3. <u>മതിയായ സെക്യൂരിറ്റി നിക്ഷേപം വാങ്ങിയിട്ടില്ല</u> - കരാർ തുകയുടെ 5% നിരക്കിൽ, 9400/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ സൗത് ഇൻഡ്യൻ ബാങ്കിന്റെ ഡെപ്പോസിറ്റി സർട്ടി ഫിക്കറ്റ് നമ്പർ k966179/23.4.18 പ്രകാരം 7000/- രൂപ ഒടുക്കിയതിന്റെ രേഖമാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 പ്രൊജക്ട് നിർവ്വഹണത്തിന്/ആരോഗ്യ ജാഗ്രത പ്രവർത്തനത്തിന് തുകകൾ നൽകിയത്- രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്ടുകൾ/ചെലവ് ചെയ്ത വൗച്ചറുകൾ പ്രകാരം വിവിധ പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക്/വകുപ്പുകൾക്ക്/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക്/ ഉദ്യോഗസ്ഥർക്ക് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾവിനിയോഗിച്ചതിന്റെ വിവരവും, മറ്റ് രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം | ചെലവഴിച്ച തുക (രൂപ) | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | നം.91/19<br>വെട്ടംC.H.C ക്ക്<br>മരുന്ന് വാങ്ങാൻ ബ്ലോക്കിന് വിഹിതം നൽകൽ<br>അടങ്കൽ-300000/- MG(NR) | 300000/-- ബിൽ നം. 15/25.10.18<br>ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷേപിച്ചു. | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 2 | നം.43/19<br>P.M.A.Y വിഹിതം നൽകൽ<br>അടങ്കൽ - 2163000/- പ്ലാൻഫണ്ട് | ബിൽനം. 06/18.07.18<br>14,00,00/-<br>ബിൽനം. 33/20.03.19<br>7,63,000/- | 1. തുക കൈപ്പറ്റിയതിന്റെ രസീത്.<br>2. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 3 | നം.13/19<br>അംഗനവാടികളുടെ പൂർത്തീകരണം. വിഹിതം കൈമാറൽ<br>അടങ്കൽ - 13,00,000/- CFC | 13,00,000/-- ബിൽ നം. 05/17.07.18 | 1.തുക നൽകിയതിന് അടിസ്ഥാനമായ ഉത്തരവ്, തുക കൈമാറുന്നതിന് അനുമതി നൽകി സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവ് എന്നിവ.<br>2.തുക കൈപ്പറ്റിയതിന്റെ രസീത്. |

| | | | |
|---|---|---|---|
| | | | 3. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |
| 4 | ആരോഗ്യ ജാഗ്രത പ്രവർത്തനത്തിന് വേണ്ടി മെഡിക്കൽ ഓഫീസർ CHC ക്ക് നൽകിയത്. | വൗച്ചർ നമ്പർ - 218000141/6.6.18 200000.00 രൂപ (ശുചിത്വ മിഷൻ ഫണ്ട്) വൗച്ചർ നമ്പർ - 218000142/6.6.18 100000.00 രൂപ (തനത് ഫണ്ട്) | തുകകൾ ഗ്രാമ പഞ്ചായത്തിന്റെ 20 വാർഡുകളിലും 15000.00 രൂപ തോതിൽ നിർദ്ദിഷ്ട പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചതിന്റെ രേഖകൾ. |
| ആകെ | | 28,03,000 | |

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.14/28.02.2020, മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുക 40,63,000.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-22 രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകിയത് - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ.

പ്രൊജക്റ്റ് നം : 97/19

അടങ്കൽ : 80,000.00, തനത്

ചെലവ് : 51660.00 വൗച്ചർ നമ്പർ -

നിർവ്വഹണം : സെക്രട്ടറി

സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തിയ ക്ലബ്ബുകൾക്ക് സ്പോർട് കിറ്റുകൾ നൽകുന്നതിനാണ് പ്രൊജക്ട്. ആയത് പ്രകാരം 14 ക്ലബ്ബുകൾക്ക് സ്പോർട് കിറ്റുകൾ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1.<u>സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.</u>

താഴെ പറയുന്ന ക്ലബ്ബുകൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ക്ലബ്ബുകളുടെ പേര് | രജിസ്ട്രേഷൻ നമ്പർ | ഹാജരാക്കേണ്ട രേഖ |
|---|---|---|---|
| 1 | എഫ്.സി.മിറാക്കിൾസ് ആർട്സ് & സ്പോർട്സ് ക്ലബ് | ഇല്ല | അപേക്ഷയിൽ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. |
| 2 | കാന്നൂർ കലാ സാഹിത്യ വായന ശാല | ഇല്ല | ഗ്രന്ഥ ശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖയാണ് ഹാജരാക്കിയിട്ടുള്ളത്. രജിസ്റ്റർ നമ്പർ 10.T.R8329. സ്പോർട്സ് മേഖലയിൽ പ്രവർത്തനം നടത്താത്ത വായനശാലക്ക് കിറ്റ് നൽകിയതിന്റെ കാരണം വ്യക്തമല്ല. |

2. <u>ക്ലബ്ബുകളുടെ കാലികമായ പ്രവർത്തനം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.</u>

സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്കാണ് സ്പോർട്സ് കിറ്റ് വിതരണം ചെയ്തിട്ടുള്ളത്. വർഷങ്ങൾക്ക് മുമ്പ് രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ അവയുടെ പ്രവർത്തനം ഭംഗമില്ലാതെ തുടരുന്നുണ്ട് എന്ന്

വ്യക്തമാക്കുന്നതിന് തൻവർഷം രജിസ്റ്റർ ഓഫീസിൽ ഭരണ സമിതി പട്ടിക സമർപ്പിച്ചതിന്റെ രേഖ ആവശ്യമാണ്. എന്നാൽ താഴെ പറയുന്ന ക്ലബ്ബുകൾ ആയത് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ക്ലബ്ബുകളുടെ പേര് | രജിസ്ട്രേഷൻ നമ്പർ |
|---|---|---|
| 1 | ന്യൂക്ലാസിക് ആർട്സ് & സ്പോർട്സ് ക്ലബ് | 585/12 |
| 2 | ഗ്യാലക്സി ആർട്സ് & സ്പോർട്സ് ക്ലബ് | 321/2011 |
| 3 | വേസ്റ്റ് യുണൈറ്റഡ് ആർട്സ് & സ്പോർട്സ് ക്ലബ് | 1848/14 |
| 4 | നവയുഗ് കലാ സാംസ്കാരിക വായന ശാല | 66/94 |
| 5 | കെ.സി.യൂത്ത് സെന്റർ, കാന്നൂർ | 481/09 |
| 6 | വിവാ ചലഞ്ച് ആർട്സ് & സ്പോർട്സ് ക്ലബ് | 42/11 |
| 7 | ലക്കി സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് | 1141/13 |

3. <u>പ്രൊക്യുർമെന്റ്/സ്റ്റോർ പർച്ചേസ് മാന്വൽ നിബന്ധനകൾ പാലിച്ചിട്ടില്ല</u>

എ) ഫുട്ബോൾ, വോളിബോൾ തുടങ്ങി എട്ട് ഇനങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിച്ച്, കിറ്റ് ഒന്നിന് 3690/- രൂപ ക്വാട്ട് ചെയ്ത സ്പോർട്സ് ഗ്യാലറി, തിരൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ, ഏറ്റവും കുറഞ്ഞത്, ഭരണ സമിതി തീരുമാനം നമ്പർ 4(1)/05.01.2019 നമ്പർ തീരുമാനം അനുസരിച്ച് അംഗീകരിച്ചു. തുടർന്ന് 51660/- രൂപ ചെലവഴിച്ച് 14 കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം 25000/- ൽ അധികരിച്ച വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കണം. ഈ നിബന്ധന പാലിച്ചിട്ടില്ല.

ബി) ക്വട്ടേഷൻ നോട്ടീസ്, ക്വട്ടേഷൻ സമർപ്പിച്ച കവർ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ/ക്വട്ടേഷൻ സീൽഡ് കവറിലാണ് സ്വീകരിക്കേണ്ടത്. ആയത് തുറന്ന് കഴിഞ്ഞാൽ കവർ ടെണ്ടർ രേകകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

ഡി) പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല.

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നം.15/28.02.2020, മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുക 51660.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 പഞ്ചായത്ത് ഓഫീസ് കെട്ടിടം -2,3 നിലകളുടെ പൂർത്തീകരണം - ബാത്ത്റൂമിൽ വാൾ ടൈൽ വിരിച്ചതിൽ അപാകത – 8641 രൂപ തിരിച്ചടച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രോജക്റ്റ് നം -157/19

എം. ബുക്ക് - 40/17-18, 48/17-18

കരാർ - 56/22.3.18 (Estimate rate)

മൂല്യനിർണ്ണയം - 1030034

ബിൽ - 82/27.3.19 (1030034)

കരാറുകാരൻ - എം.ആലിക്കുട്ടി

Cost Index – 37.25% (DSR 2016)

TS-12,00,000

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ 2,3 നിലകളുടെ പൂർത്തീകരണ പ്രവൃത്തിയുടെ ഭാഗമായി ഒന്നാം നിലയിൽ നടത്തിയ നിർമ്മാണങ്ങളിൽ ഇനം 1 (Extra Item-APP II) പ്രകാരം അസി.എഞ്ചിനീയറുടെ ഓഫീസിലെ ബാത്ത് റൂമിലും വരാന്തയിലെ കോമൺ ബാത്ത് റൂമിലും വാൾ ടൈൽ വിരിച്ചതിന് (DSR Code 11.36) താഴെ പറയും പ്രകാരം തുക അനുവദിച്ചു.

| | |
|---|---|
| 8.60 x 1.80 = 15.48 m2 | കോമൺ ബാത്ത് റൂം |
| 6.20 x 1.80 = 11.16 m2 | അസി.എഞ്ചിനീയറുടെ ഓഫീസിലെ ബാത്ത് റൂം |
| 26.64 m2 | |
| 2x0.80x1.80= 2.88 m2 (-) Door Opening | |
| 23.76 m2 | |

23.76 m2 x 940.22/m2 = 22339.63

22.2.2020 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ രണ്ട് ബാത്ത് റൂമുകളിലെയും വാൾ ടൈൽ അളവ് പുസ്തകപ്രകാരം കണിച്ച അളവ് ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചെയ്ത അളവിന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

| | |
|---|---|
| 8.60 x 1.18 = 10.14 m2 | കോമൺ ബാത്ത് റൂം |
| 6.20 x 1.18 = 7.31 m2 | അസി.എഞ്ചിനീയറുടെ ഓഫീസിലെ ബാത്ത് റൂം |
| 17.45 m2 | |
| 2x0.80x1.80= 2.88 m2 (-) Door Opening | |
| 14.57 m2 | |

14.57 m2 x 940.22 = 13699

അധികം നൽകിയത് - 22339.63 – 13699 = 8641

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 6 / 28.2.20) മറുപടിയായി 8641 രൂപ തിരിച്ചടച്ച് രസീതി ലഭ്യമാക്കി (119050104651/28.2.2020).

# 1-24 രണ്ടത്താണി നാരായണൻപടി ഡ്രൈനേജ് നിർമ്മാണം - സെന്ററിംഗ് ഷട്ടറിംഗന് അധിക നിരക്ക് അനുവദിച്ചു- 13869 രൂപ തിരിച്ചടച്ചു

പ്രൊജക്ട് നം : 94/19

അടങ്കൽ : 10000.00 MG(NR)

ചെലവ് : 96662

ബിൽ നം- 84/23.3.19

കരാർ നം : AE/LSGD/VGP/19/18-19 തീയ്യതി.12.9.18

എംബുക്ക് നം: 88/18-19

DSOR :2016, COl.37.25%

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ മൂന്നാമത്തെ ഇനം ഡ്രൈനേജിന്റെ പാർശ്വഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിന് DSR

കോഡ് നമ്പർ 5.9.2 സ്പെസിഫിക്കേഷൻ അനുസരിച്ച് താഴെ പറയുന്ന അളവിൽ സെന്ററിംഗ് ഷട്ടറിംഗ് ചെയ്യലാണ്.

രണ്ട് വശങ്ങൾ - 4x15x0.60 = 36 m2

എം.ബുക്ക് പേജ് നമ്പർ 3 ൽ അളവ് രേഖപ്പെടുത്തിയത് പ്രകാരം മേൽപ്പറഞ്ഞ പ്രവൃത്തി താഴെ പറയുന്ന അളവിൽ നിർവ്വഹിച്ചിട്ടുണ്ട്.

രണ്ട് വശങ്ങൾ - 4x14.95x0.60 = 35.88 m2

മേൽ പ്രവൃത്തി പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് അനുസരിച്ച്, എസ്റ്റിമേറ്റിലെ ഇനം ഒന്ന് പ്രവൃത്തി പ്രകാരം ഡ്രൈനേജിനു വേണ്ടി 0.70 മീറ്റർ താഴ്ചയിൽ എർത്ത് വർക്ക് ചെയ്ത്, ഇനം 2 പ്രകാരം യഥാക്രമം 0.100 മീറ്റർ കനത്തിൽ ബോട്ടം കോൺക്രീറ്റ് ചെയ്തശേഷമാണ് 0.60 മീറ്റർ ഉയരത്തിൽ സൈഡ്‌വാൾ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോംവർക്ക് ചെയ്യേണ്ടിയിരുന്നത്. പ്ലിന്ത് ലെവലിന് താഴെയുള്ള ഫോം വർക്ക് ആയതിനാലും, ഫോം വർക്കിന്റെ ഉയരം 1 മീറ്ററിൽ കുറവ് ആയതിനാലും DSOR സ്പെസിഫിക്കേഷൻ കോഡ് 5.9.1 പ്രകാരമുള്ള നിരക്കാണ്, 266.20/എം2, ഇത്തരം പ്രവൃത്തിക്ക് അനുവദിക്കാറുള്ളത്. എന്നാൽ സ്പെസിഫിക്കേഷൻ കോഡ് 5.9.2 പ്രകാരമുള്ള 519.63/എം2 നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

ഡ്രൈനേജിന്റെ പാർശ്വഭിത്തി കോൺക്രീറ്റ് ചെയ്യുന്നതിനായുള്ള സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തികളിൽ, പാർശ്വഭിത്തിയുടെ പുറം ഭാഗത്ത് രണ്ടിലും മൺഭിത്തി ആകുമെന്നതിനാൽ, പാർശ്വഭിത്തിയുടെ ഉൾവശത്ത് രണ്ടുഭാഗങ്ങളിൽ മാത്രമെ സെന്ററിംഗ് ഷട്ടറിംഗ് സാധാരണ ആവശ്യമായി വരാറുള്ളൂ. ഈ പ്രൊജക്ടിൽ 1.20 മീറ്റർ വീതിയിൽ എർത്ത് വർക്ക് ചെയ്ത് 0.20 വീതിയിൽ ഇരുവശത്തും പാർശ്വഭിത്തികൾ നിർമ്മിച്ചതിനുശേഷവും ഡ്രൈനേജിന്റെ ഉൾവശം 0.80 മീറ്റർ ഉണ്ട്. ഇതിൽ നിന്നും ഡ്രൈനേജിന്റെ പാർശ്വഭിത്തിയുടെ പുറംവശത്ത് രണ്ടിലും മൺഭിത്തി ഉണ്ടായിരുന്നു എന്ന് വ്യക്തമാണ്. ആയതിനാൽ ഡ്രൈനേജിന്റെ പാർശ്വഭിത്തിയുടെ നാല് വശത്തും സെന്ററിംഗ് ഷട്ടറിംഗ് ആവശ്യമുണ്ടായിരുന്നില്ല . ഇതിൽ നിന്നും, യഥാർത്ഥത്തിൽ 17.94 m2 (2x14.95x0.60 = 17.94m2) മാത്രമെ സെന്ററിംഗ് ഷട്ടറിംഗ് പ്രവൃത്തി ആവശ്യമുണ്ടായിരുന്നുള്ളൂ എന്ന് കാണുന്നു.

മേൽ അപാകതകൾ നിമിത്തം പ്രൊജക്ടിൽ താഴെ പറയും പ്രകാരം അധികച്ചെലവ് വന്നിട്ടുണ്ട്.

അനുവദിച്ച തുക – 35.88m2x519.63/m2 = 18644.32

അനുവദിക്കാവുന്ന തുക – 17.94 m2x 266.20/m2 = 4775.60

അധികച്ചെലവ് - 18644.32 -4775.60 = 13869

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 7 / 28.2.20) മറുപടിയായി 13869 രൂപ തിരിച്ചടച്ച് രസീതി ലഭ്യമാക്കി (119050104752/04.03.20).

# 1-25 വനിത വയോജന സ്നേഹാലയം - വനിത ലോൺട്രി യൂണിറ്റ് പൂർത്തീകരണം - അപാകത - 8598 രൂപ തിരിച്ചടച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രോജക്റ്റ് നം -160/19

എം. ബുക്ക് - 187/17-18

കരാർ - 61/23.3.18 (Estimate rate)

മൂല്യനിർണ്ണയം - 182644

ബിൽ - 58/17.1.19

കരാറുകാരൻ - K.മുഹമ്മദ് കുട്ടി

Cost Index – 37.25% (DSR 2016)

TS-82000

വനിത വയോജന സ്നേഹാലയം - വനിത ലോൺട്രി യൂണിറ്റ് പ്രവൃത്തി 182644രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. വനിത വയോജന സ്നേഹാലയത്തിന് സ്റ്റെയർകേസും വനിത ലേൺട്രി യൂണിറ്റ് കെട്ടിടത്തിന്റെ പൂർത്തീകരണവമാണ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രവൃത്തിയിൽ ഇനം 2 പ്രകാരം വനിത വയോജന സ്നേഹാലയം കെട്ടിടത്തിൽ സ്റ്റെയർകെയ്സ് വച്ചതിന് DSR Code 10.16.1 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

473.747 kg x 123.87 /kg = 58683

എന്നാൽ സ്റ്റെയർകെയ്സ് വക്കുന്നതിന് അനുവദിക്കാവുന്നത് DSR Code 10.25.1 പ്രകാരമുള്ള നിരക്കാണ്. എന്നാൽ 27.2.20 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ GI Pipe ഉപയോഗിച്ചുള്ള കോണിയാണ് പ്രവൃത്തിയിൽ നിർമ്മിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. ഈ പ്രവൃത്തിയിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം അനുവദിക്കാവുന്ന തുക ചുവടെ കൊടുക്കുന്നു.

473.747 kg x 111.93 /kg = 53027

അധികം - 58683- 53027 = 5656

2) പ്രവൃത്തിയിൽ ഇനം 3 പ്രകാരം വനിത ലോൺട്രി യൂണിറ്റ് കെട്ടിടത്തിൽ ഗ്രിൽ വർക്ക് ചെയ്തതിന് DSR Code 9.48.2 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

80.90 kg x 154.34 /kg = 12486.10

എന്നാൽ ഗ്രിൽ വർക്ക് ചെയ്യുന്നതിന് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. ഇത് പ്രകാരം അനുവദിക്കാവുന്ന തുക

80.90 kg x 117.97 /kg = 9543.77

അധികം - 12486.10-9543.77 = 2942

പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ചത് - 8598

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8 / 28.2.20) മറുപടിയായി 8598 രൂപ തിരിച്ചടച്ച് രസീതി ലഭ്യമാക്കി (119050104652/28.2.2020).

## 1-26 മരാമത്ത് പ്രവൃത്തി - സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി - 5812 രൂപ തിരിച്ചടച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുന്നിൽ റൂഫിംഗ് നടത്തിയിട്ടുണ്ട്. പ്രവൃത്തികളിൽ റൂഫിംഗിന് വേണ്ടി ചെയ്ത സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത് . എന്നാൽ ഈ പ്രവൃത്തികളിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 27.2.20 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. വിശദ വിവരം ചുവടെ

| ക്രമ നം | പ്രവൃത്തി | ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | 95-ാം നമ്പർ അംഗനവാടി പുനരുദ്ധാരണം | 3 | 101.67 kg x 137.46/kg | 101.67 kg x 111.93/kg = | 2596 |

| | | | | | |
|---|---|---|---|---|---|
| | പ്രോജക്റ്റ് നം -140/19<br>എം. ബുക്ക് - 118/18-19<br>കരാർ - 15/10.8.18 (Estimate rate)<br>മൂല്യനിർണ്ണയം - 66958<br>ബിൽ - 69/13.2.19<br>കരാറുകാരൻ - KC.മുഹമ്മദ് കുട്ടി<br>Cost Index – 37.25% (DSR 2016)<br>TS-82000 | | = 13975.56<br>(DSR code – 50.10.1) | 11379.92 | |
| 2 | ഹോമിയോ ഡിസ്പൻസറിയിൽ അടിസ്ഥാന സൗകര്യമൊരുക്കൽ<br>പ്രോജക്റ്റ് നം -55/19<br>എം. ബുക്ക് - 155/17-18<br>കരാർ - 22/30.3.17 (Estimate rate)<br>മൂല്യനിർണ്ണയം - 91017<br>ബിൽ - 76/8.3.19<br>കരാറുകാരൻ - A.ബാലൻ<br>Cost Index – 36.19% (DSR 2014)<br>TS-1,00,000 | 5 | 91.975 kg x 140.14/kg = 12889.38<br>(DSR code – 10.16.1) | 91.975 kg x 123.18/kg = 11329.48 | 1560 |

ക്രമ നം. 1 പ്രകാരമുള്ള പ്രവൃത്തിയിൽ ഇനം 12 പ്രകാരം Kitchen rack ന് മുകളിൽ വിട്രിഫൈഡ് ടൈൽസ് വിരിച്ചതിന് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

4.02 m2 x 1356.65/m2 = 5453.73

എന്നാൽ ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ Kitchen rack ന് മുകളിൽ വിരിച്ചിട്ടുള്ളത് സെറാമിക് ടൈൽസാണെന്ന് ബോധ്യപ്പെട്ടു. അനുവദിക്കാവുന്ന തുക താഴെ പറയുന്നു

4.02 m2 x 944.76/m2 = 3797.93

അധികം - 5453.73- 3797.93 = 1656

2 പ്രവൃത്തികളിലായി അധികം നൽകിയത് - 5812 രൂപ

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (AUDIT ENQUIRY No. 9 / 28.2.20) 5812 രൂപ തിരിച്ചടച്ച് രസീതി ലഭ്യമാക്കി (119050104653/28.2.2020-4252 രൂപ, 119050104681/29.2.2020-1560 രൂപ ).

## 1-27 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – 10690 രൂപ തിരിച്ചടച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|
| 91ാം നമ്പർ അംഗനവാടി പുനരുദ്ധാരണം (154/19)<br>ബിൽ നം. 86/23.3.19-94743<br>11/25.5.19-263292<br>തുക 358035<br>PAC-4,00,000<br>അളവ് പുസ്തകം - 150/17-18,183/17-18<br>കരാറുകാരൻ - ആലിക്കുട്ടി.എം<br>കരാർ. 21/1.12.17<br>TS-4,00,000 | 1.12.17 | 31.7.18 വരെ<br>(7 മാസം) | 28.2.2019 | 12000<br>(1.8.18 മുതൽ 22.9.18 വരെ 4000<br>23.9.2018 മുതൽ 14.11.18 വരെ 8000<br>പിഴ ഈടാക്കിയത്-1310<br>കുറവ് - 10690 |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 10690 രൂപ.

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 4 / 28.2.20) മറുപടിയായി 10690 രൂപ തിരിച്ചടച്ച് രസീതി ലഭ്യമാക്കി (119050104650/28.2.2020).

## 1-28 മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം - പർലിന് അധിക നിരക്ക് നൽകി - 2074 രൂപ തിരിച്ചടച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രോജക്റ്റ് നം -207/19

എം. ബുക്ക് - 97/18-19

കരാർ - 45/12.11.18 (Estimate rate)

മൂല്യനിർണ്ണയം - 376243

ചെക്ക് - 854141/20.3.19

കരാറുകാരൻ - A.ജയരാജൻ

Cost Index – 37.25% (DSR 2016)

TS-3,77,500

മെറ്റീരിയൽ കളക്ഷൻ സെന്റർ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 376243 രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം പ്ലാസ്റ്റിക് ശേഖരിച്ച് സൂക്ഷിക്കുന്നതിന് വേണ്ടി രണ്ട് മുറിയുള്ള ഷെഡ് മുകളിൽ ഷീറ്റ് ഇട്ട് നിർമ്മിക്കുന്നു. പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി</u>

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 173.664 kgവരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 50.10.2 കോഡ് പ്രകാരമുള്ള 111.93/kg രൂപയാണ്. വിശദ വിവരം ചുവടെ

(27.2.20 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലപരിശോധന നടത്തി)

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 3 | 321.103 kg x 123.87/kg = 39775 | 173.664 kg x 111.93/kg = 19438.21<br>147.439 kg x 123.87/kg = 18263.26<br>37701.47 | 2074 |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 5 / 28.2.20) മറുപടിയായി 2074 രൂപ തിരിച്ചടച്ച് രസീതി ലഭ്യമാക്കി (119050104682/28.2.2020).

## 1-29 പരിരക്ഷ പദ്ധതി-ഗൃഹ സന്ദർശനം നടത്താത്ത ദിവസങ്ങളിൽ ചെലവ് അനുവദിച്ചു-14850 രൂപ അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, CHC

പ്രോജക്ട് നം. - S0029/19

അടങ്കൽ – 8,00,000

പദ്ധതിയിൽ ഉൾപ്പെട്ട രോഗികളെ സന്ദർശിക്കുന്നതിന് വേണ്ടി താഴെ പറയുന്ന ദിവസങ്ങളിൽ ഡ്രൈവറുടെ ദിവസ വേതനമിനത്തിലും മറ്റ് റിഫ്രഷ്മെന്റ് ചാർജ് ഇനത്തിലും ചെലവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ദിവസങ്ങളിൽ ഗൃഹസന്ദർശന രജിസ്റ്റർ പ്രകാരം രോഗികളെ സന്ദർശിച്ചിട്ടില്ല. ആയതിനാൽ ഈ ദിവസങ്ങളിൽ അനുവദിച്ച ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| തിയ്യതി | ഡ്രൈവറുടെ വേതനം | റിഫ്രഷ്മെന്റ് ചാർജ് | ബിൽ നമ്പർ/ തുക |
|---|---|---|---|
| 23.6.18 | 1100 | 250 | 4/21.8.18 (36600) |
| 22.8.18 | 1100 | 250 | 5/27.9.18 (35100) |
| 31.8.18 | 1100 | 250 | |
| 8.9.18 | 1100 | 250 | 6/22.10.18 (39300) |
| | | | |

| | | | |
|---|---|---|---|
| 10.9.18 | 1100 | 250 | |
| 25.9.18 | 1100 | 250 | |
| 10.1.19 | 1100 | 250 | |
| 13.1.19 | 1100 | 250 | 12/18.2.19 (36600) |
| 15.1.19 | 1100 | 250 | |
| 2.2.19 | 1100 | 250 | 16/23.3.19 (35250) |
| 5.2.19 | 1100 | 250 | |
| ആകെ | 12100 | 2750 | |

14850 രൂപ അധികം നൽകി. വിശദവിവരം ഭാഗം 3 ൽ ഉൾപ്പെടുത്തി.

## 1-30 അങ്കൺവാടികൾക്ക് വാട്ടർ ഫിൽട്ടർ വാങ്ങിയതിൽ അപാകത – വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - ICDS സൂപ്പർവൈസർ

പ്രോജക്റ്റ് നം - S076/19

ബിൽ - 76/11.3.19

ചെലവ് തുക - 100450

35 അങ്കൺവാടികൾക്ക് വാട്ടർ ഫിൽട്ടർ വാങ്ങി നൽകുക എന്ന പദ്ധതിയുടെ ഭാഗമായി EZDAN Associats, Trivandram എന്ന സ്ഥാപനത്തിൽ നിന്നും 35 വാട്ടർ ഫിൽട്ടർ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(30.11.18 ലെ 17(1) ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരമാണ് EZDAN Associats, Trivandram എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ തീരുമാനിച്ചിട്ടുള്ളത്.

2870x35 = 100450 (Invoice No. 5/13.2.19)

പദ്ധതിയുടെ വാങ്ങൽ നടപടി ക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ക്വട്ടേഷൻ ക്ഷണിച്ചതിൽ താഴെ പറയുംപ്രകാരം 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു.

| സ്ഥാപനം | തുക |
|---|---|
| AXIOM Aqua solution,Calicut | 2850 |
| Legends United, Calicut | 2890 |
| BSGST Agencies, Kuttipuram | 2840 (Stainless steel 20 Ltre water purifier-Godrej)<br>1940 ( Stainless steel 22 Ltre water purifier)<br>2740 ( Stainless steel 22 Ltre heavy duty water purifier)<br>1740 ( Ordinary water purifier) |
| EZDAN Associats, Trivandram | 2870 (Stainless steel 16 Ltre water purifier) |

ടെണ്ടർ നോട്ടീസ് പ്രകാരം വാട്ടർ ഫിൽട്ടറിനുള്ള സ്പെസിഫിക്കേഷൻ

flow rate – minimam 50 LPH

Storage - minimam 16 Ltre

Body - Stainless steel

Power supply – 180-260 V

Automatic Re-Purification system

(Including water supply connection and required Plumbing work and Electrical work)

1. ടെണ്ടർ നോട്ടീസ് പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള വാട്ടർ ഫിൽട്ടർ അല്ല വാങ്ങിയിട്ടുള്ളത്. ഇലക്ട്രിക്കൽ വാട്ടർ ഫിൽട്ടറിനുള്ള സ്പെസിഫിക്കേഷനാണ് ടെണ്ടർ നോട്ടീസിൽ പറഞ്ഞിട്ടുള്ളത് എന്നാൽ ഗ്രാവിറ്റി ബേസഡ് വാട്ടർ ഫിൽട്ടർ ആണ് വാങ്ങിയിട്ടുള്ളത്.

2. നിരക്ക് കുറവ് രേഖപ്പെടുത്തിയ സ്ഥാപനം BSGST Agencies, Kuttipuram ആണ്. ഇവരിൽ നിന്നും വാങ്ങാതെ നിരക്ക് കൂടിയത് വാങ്ങിയതിന് കാരണം വ്യക്തമല്ല.

3. ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സാമ്പിൾ ലഭ്യമാക്കി ഗുണമേൻമ പരിശോധന വിധേയമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പ്രകാരം ഈ പദ്ധതിയുടെ വാങ്ങൽ സംബന്ധിച്ച് പരാമർശങ്ങളില്ല. ക്വട്ടേഷൻ പ്രകാരമുള്ള സാധനങ്ങളുടെ സാംപിൾ ലഭ്യമാക്കി ഗുണനിലവാരം പരിശോധനാവിധേയമാക്കിയതിന് ശേഷം മാത്രമാണ് സപ്ലൈ ഓർഡർ നൽകേണ്ടത്. സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതായി കാണുന്നില്ല. പദ്ധതിപ്രകാരം വാങ്ങിയ സാധനങ്ങളുടെ സാംപിൾ പരിശോധനാവിധേയമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ വിതരണം ചെയ്ത സാധനങ്ങളുടെ ഗുണ നിലവാരം വ്യക്തമല്ല.

4. സ്ഥാപനവുമായി നിർവഹണ ഉദ്യോഗസ്ഥ കരാർ ചമച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 11 / 28.2.20) സ്പെസിഫിക്കേഷൻ നൽകിയത് മാറിപ്പോയതാണെന്നും ഗുണമേൻമ പരിശോധന വിധേയമാക്കിയതാമെന്നും ആയതിന്റെയും കരാർ,സപ്ലൈ ഓർഡർ എന്നിവ ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകി. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 100450 രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 പരിരക്ഷ പദ്ധതി-ഗൃഹ സന്ദർശനം നടത്താത്ത ദിവസങ്ങളിൽ ചെലവ് അനുവദിച്ചു - 14850 രൂപ അംഗീകരിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, CHC

പ്രോജക്ട് നം. - SO029/19

അടങ്കൽ – 8,00,000

പരിരക്ഷ പദ്ധതിക്ക് വേണ്ടി താഴെ പറയുന്ന ചെലവുകൾക്ക് തുക വകയിരുത്തിയിട്ടുണ്ട്.

| ഇനം | തുക |
|---|---|
| മരുന്ന് | 235000 |
| ഉപകരണങ്ങൾ | 100000 |
| സ്റ്റേഷനറി | 5000 |
| ഹോണറേറിയം - നഴ്സ് | 190000 |
| | |

| | |
|---|---|
| വണ്ടി വാടക | 220000 |
| റിഫ്രഷ്മെന്റ് | 50000 |
| ആകെ | 8,00,000 |

പദ്ധതിയിൽ ഉൾപ്പെട്ട രോഗികളെ സന്ദർശിക്കുന്നതിന് വേണ്ടി താഴെ പറയുന്ന ദിവസങ്ങളിൽ ഡ്രൈവറുടെ ദിവസ വേതനമിനത്തിലും മറ്റ് റിഫ്രഷ്മെന്റ് ചാർജ് ഇനത്തിലും ചെലവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ദിവസങ്ങളിൽ ഗൃഹസന്ദർശന രജിസ്റ്റർ പ്രകാരം രോഗികളെ സന്ദർശിച്ചിട്ടില്ല. ആയതിനാൽ ഈ ദിവസങ്ങളിൽ അനുവദിച്ച ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| തിയ്യതി | ഡ്രൈവറുടെ വേതനം | റിഫ്രഷ്മെന്റ് ചാർജ് | ബിൽ നമ്പർ/ തുക |
|---|---|---|---|
| 23.6.18 | 1100 | 250 | 4/21.8.18 (36600) |
| 22.8.18 | 1100 | 250 | 5/27.9.18 (35100) |
| 31.8.18 | 1100 | 250 | |
| 8.9.18 | 1100 | 250 | 6/22.10.18 (39300) |
| 10.9.18 | 1100 | 250 | |
| 25.9.18 | 1100 | 250 | |
| 10.1.19 | 1100 | 250 | 12/18.2.19 (36600) |
| 13.1.19 | 1100 | 250 | |
| 15.1.19 | 1100 | 250 | |
| 2.2.19 | 1100 | 250 | 16/23.3.19 (35250) |
| 5.2.19 | 1100 | 250 | |
| ആകെ | 12100 | 2750 | |

14850 രൂപ അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 19 / 29.2.20) മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹമായി നൽകിയ14850 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 08.08.2019 മുതൽ 09.08.2019 വരെ | കെ.എസ്.എ.എം.പി.എം.17/1194/19 തിയതി.24.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 63750 | പ്രോ.നം-36/2018-19 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 39610 | 24140 |
| | 170000 | പ്രോ.നം-14/2018-19 നെൽ കൃഷിക്ക് വിത്ത് വിതരണവും കൂലി ചെലവും | 133433 | 36567 |
| ആകെ | 233750 | | 173043 | 60707 |
| ജില്ലാ പഞ്ചായത്ത് | 1191330 | പ്രോ.നം-4/2018-19 ലൈഫ് ഭവന പദ്ധതി | 1191130 | 200 |
| | 365000 | പ്രോ.നം-72/2018-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 362500 | 2500 |
| ആകെ | 1556330 | | 1553630 | 2700 |

.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29438 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2(2) | 24276 | നജീബ്, കപ്പാട്ടുകത്ത് തെക്കുംപ്പുറത്ത് | 118050101876/04.09.18 |
| 2016-17 | 2(2) | 5162 | അനീഷ് കുമാർ ചെരുപുരക്കൽ | 118050101973/11.09.18 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ | നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | | | | നികുതി പരിവിലെ അപാകത | സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96700297 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92250682 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14850 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4602437 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14850 | ഡോ.അജയ് മുകുന്ദ്<br>മെഡിക്കൽ ഓഫീസർ, CHC |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 49400 | ഫിഷറീസ് ഇൻസ്പെക്ടർ/ ശ്രീ.സുരേഷ് ബാബു |
| 1-16 | 31050 | കൃഷി ഓഫീസർ/ശ്രീമതി.ദിവ്യ കെ |
| 1-17 | 648285 | സെക്രട്ടറി/ ശ്രീ.അബ്ദുൾ സലീം. ടി |
| 1-18 | 333924 | സെക്രട്ടറി/ശ്രീ.അബ്ദുൾ സലീം. ടി |
| 1-19 | 396928 | സെക്രട്ടറി/ശ്രീ.അബ്ദുൾ സലീം. ടി |
| 1-20 | 187740 | സെക്രട്ടറി/ശ്രീ.അബ്ദുൾ സലീം. ടി |
| 1-21 | 4063000 | സെക്രട്ടറി/ശ്രീ.അബ്ദുൾ സലീം. ടി |
| 1-22 | 51660 | സെക്രട്ടറി/ശ്രീ.അബ്ദുൾ സലീം. ടി |
| 1-30 | 100450 | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ശ്രീമതി.വിജയ ലക്ഷ്മി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| വാണി.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ,അന്തിക്കാട് ഗ്രാമ പഞ്ചായത്ത് | W/oഅനൂപ് ,തിയ്യാടി ഹൗസ് ,പൂത്തോൾ (പി.ഒ) പിൻ-680004, ഫോൺ-8589842601 |
| സജിത.എ | അസി.എക്സിക്യൂട്ടീവ് എൻജിനിയർ തിരൂർ ബ്ലോക്ക് പഞ്ചായത്ത് | ഫിർദൗസ് , സി.ടി ജംഗ്ഷൻ ,കരിക്കോട് ടി.കെ.എം.കോളേജ് .പിഒ കൊല്ലം. ഫോൺ-7025412003 |
| ഡോ. അജയ് മുകുന്ത് | മെഡിക്കൽ ഓഫീസർപി.എച്ച്.സി വെട്ടം | ചുള്ളിപ്പറമ്പിൽ വീട് പെരിങ്ങനം പി.ഒ തൃശ്ശൂർ.പിൻ-680686 ഫോൺ-854744708 |
| ശ്രീ.സുരേഷ് ബാബു | ഫിഷറീസ് ഇൻസ്പെക്ടർ, വെട്ടം ഗ്രാമ പഞ്ചായത്ത് | കല്ലറവിള ഭാരതീയം, നല്ലില (പി.ഒ), കൊല്ലം- 691515 ഫോൺ 9446286240 |
| ശ്രീമതി.ദിവ്യ കെ | കൃഷി ഓഫീസർ, വെട്ടം ഗ്രാമ പഞ്ചായത്ത് | കറുകയിൽ ഹൗസ്, പറവണ്ണ (പി.ഒ), പിൻ 676502 ഫോൺ 9605054818 |
| ശ്രീ.അബ്ദുൾ സലീം. ടി | സെക്രട്ടറി, തവനൂർ ഗ്രാമ പഞ്ചായത്ത് | പീടികപ്പറമ്പിൽ ഹൗസ്, പനമ്പാട്ട് വെസ്റ്റ്, പുറങ്ങ് (പി.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1967 -68 | എൽ എഫ് എം 7/809/88 തി. 14.06.88 | 2 |
| 2 | 1968-69 | എൽ എഫ് എം 7/810/88 തി. 14.06.88 | 21 |
| 3 | 1969-70 | എൽ എഫ് എം 7/811/88 തി. 14.06.88 | 36 |
| 4 | 1970-71 | എൽ എഫ് എം 7/812/88 തി. 15.06.88 | 33 |
| 5 | 1973-74 | എൽ എഫ് എം 7/813/88 തി. 15.06.88 | 2 |
| 6 | 1974-75 | എൽ എഫ് എം 7/814/88 തി. 15.06.88 | 2 |
| 7 | 1976-77 | എൽ എഫ് എം 7/815/88 തി. 06.06.88 | 5 |
| 8 | 1980-81 | എൽ എഫ് എം 7/819/88 തി. 17.06.88 | 16 |
| 9 | 1989-90<br>90-91 | എൽ എഫ് എം 17/1558/16 തി. 23.01.18 | 6 |
| 10 | 1995-96 | എൽ എഫ് എം 17/1509/12(10) തി. 20.04.13 | 1 |
| 11 | 1997-98 | എൽ എഫ് എം 17/1509/12(12) തി. 20.04.13 | 6 |
| 12 | 1998-99 | എൽ എഫ് എം 17/1509/12(13) തി. 20.04.13 | 6 |
| 13 | 1999-00 | എൽ എഫ് എം 16/228/12/05 തി. 31.05.06/05.01.06 | 18 |
| 14 | 2000-01 | എൽ എഫ് എം 17/1509/12(14) തി. 22.04.13 | 35 |
| 15 | 2001-02 | എൽ എഫ് എം 14/138/09 തി. 07.05.09 | 9 |
| 16 | 2002-03 | എൽ എഫ് എം 14/139/09 തി. 07.05.09 | 5 |
| 17 | 2003-04 | എൽ എഫ് എം 14/140/09 തി. 07.05.09 | 11 |

| | | | |
|---|---|---|---|
| 18 | 2004-05 | എൽ എഫ് എം 14/141/09 തി. 07.05.09 | 13 |
| 19 | 2005-06 | എൽ എഫ് എം 14/1842/09 തി. 23.02.10 | 8 |
| 20 | 2006-07 | എൽ എഫ് എം 18/1560(b)/10 തി. 15.09.2011 | 20 |
| 21 | 2007-08 | എൽ എഫ് എം 17/213/11 തി. 15.09.11 | 16 |
| 22 | 2008-09 | എൽ എഫ് എം 17/1515/11 തി. 15.09.11 | 15 |
| 23 | 2009-10<br>2010-11 | എൽ എഫ് എം 17/1514/11 തി. 13.06.12 | 10 |
| 24 | 2011-12<br>2012-13 | കെ എസ് എ -എം പി എം 17/2124/16 തി. 07.10.16 | 9 |
| 25 | 2013-14<br>2014-15 | കെ എസ് എ -എം പി എം 17/2073/16 തി. 13.03.17 | 7 |
| 26 | 2015-16 | കെ എസ് എ -എം പി എം 17/19/17 തി. 08.03.18 | 16 |
| 27 | 2016-17 | കെ എസ് എ -എം പി എം 17/2193/17 തി. 31.07.18 | 19 |
| 28 | 2017-18 | കെ എസ് എ -എം പി എം 17/770/19 തി. 28.05.2019 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# **Annexure-1** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.15/733/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി:..........

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

# **Annexure-2 Audited Abstract**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| | | |

| | | |
|---|---|---|
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്